(എഫ്) പ്രസ്തുത ഏജൻസിയിൽനിന്നും ഏതെങ്കിലും തരത്തിലുള്ള ഈട് വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തിന്; എന്തായിട്ടാണ് ഈട് തന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചുമതലപ്പെടുത്തിയിരുന്നു.

(ബി) ഉണ്ടായിരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്. 30.11.99-ൽ

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്. എഗ്രിമെന്റിലെ വ്യവസ്ഥ പ്രകാരം ബാങ്ക് ഗ്യാരണ്ടി ഈടാക്കിയിട്ടുണ്ട്.

യാത്രക്കാരുടെ സൗകര്യം മുൻനിർത്തി കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് കാര്യക്ഷമമാക്കാൻ നടപടി

87 (1910) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് . വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യാത്രക്കാരുടെ സൗകര്യം മുൻനിറുത്തി കെ. എസ്.ആർ.ടി.സി. ബസ്സ് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ വൃത്തിയാക്കി സർവ്വീസ് നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഭൂരിപക്ഷവും കഴുകി വൃത്തിയാക്കാതെയാണ് സർവ്വീസ് നടത്തുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സ്ഥലങ്ങൾ കാണിക്കുന്നതിനുള്ള ബോർഡുകൾ അവ്യക്തവും ആവശ്യത്തിന് തെളിച്ചമില്ലാത്തതിനാൽ രാത്രികാലങ്ങളിൽ വായിച്ചു മനസ്സിലാക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ബസ്സുകളുടെ ബോർഡുകൾ ഭംഗിയായും വ്യക്തമായും പ്രദർശിപ്പിക്കുന്നതിനും രാത്രികാലങ്ങളിൽ വായിച്ചു മനസ്സിലാക്കുന്നതിനും ഉള്ള സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ ബസ്സ് സ്റ്റോപ്പുകളിൽ ആവശ്യത്തിന് വെളിച്ചമില്ലാത്തതിനാൽ രാത്രികാലങ്ങളിൽ ബസ്സ് പ്രതീക്ഷിച്ചുനിൽക്കുന്ന യാത്രക്കാർക്ക് ഭീതി ഉളവാക്കുന്നതുമാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ;

(എച്ച്) നഗരപ്രദേശങ്ങളിലെ ബസ്സ് സ്റ്റോപ്പുകളോട് ചേർന്നുള്ള പോസ്റ്റുകളിൽ സോഡിയം വേപ്പർ ലാമ്പ്, ട്യൂബ് ലൈറ്റ് ഇവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ഇവ പ്രകാശിക്കാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഐ) എങ്കിൽ ഇത് പരിഹരിക്കാൻ ബന്ധപ്പെട്ട അധികൃതർക്ക് ആവശ്യമായ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യാത്രക്കാരുടെ സൗകര്യം മുൻനിർത്തി ജനത്തിരക്കേറിയ റൂട്ടുകളിൽ ആവശ്യാനുസരണം ബസ്സ് സർവ്വീസുകൾ ഏർപ്പെടുത്താൻ നടപടികളെടുത്തുവരുന്നു. ബസ്സുകൾ അപര്യാപ്തമായതിനാൽ ദേശസാൽകൃത മേഖലയിലെ റൂട്ടുകൾക്കും വരുമാനം കൂടുതൽ ലഭിക്കുന്ന റൂട്ടുകൾക്കുമാണ് മുൻഗണന നൽകുന്നത്. പൊതുജനങ്ങളിൽനിന്നും ജനപ്രതിനിധികളിൽനിന്നും സന്നദ്ധ സംഘടനകളിൽനിന്നും ലഭിക്കുന്ന നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ആവശ്യമായ സാദ്ധ്യതാപഠനം നടത്തിയശേഷം ബസ്സുകളുടെ ലഭ്യതയ്ക്കനുസരിച്ച് സർവ്വീസുകൾ ആരംഭിക്കുക എന്ന രീതിയാണ് നിലവിലുള്ളത്. ദീർഘദൂര സർവ്വീസുകൾക്ക് പുതിയ ബസ്സുകൾ മാത്രം വിനിയോഗിക്കാനാണുദ്ദേശിക്കുന്നത്. മോട്ടോർവാഹന നിയമത്തിനനുസൃതമായി സൂപ്പർ ഡീലക്സ് സർവ്വീസുകൾക്ക് രണ്ടു കൊല്ലത്തിലധികം പഴക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നതല്ല. സൂപ്പർ എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ് തുടങ്ങിയ സർവ്വീസുകൾക്ക് മൂന്നു വർഷത്തിൽ താഴെ പഴക്കമുള്ള വാഹനങ്ങളുമാണ് ഉപയോഗിക്കുന്നത്. ഓരോ സർവ്വീസിനും രണ്ടു കണ്ടക്ടർമാരെയും രണ്ട് ഡ്രൈവർമാരെയും സ്ഥിരമായി അലോട്ട് ചെയ്യാനുദ്ദേശിച്ചുകൊണ്ടുള്ള ബസ്സ് ക്രൂ മാര്യേജ് പദ്ധതി നിലവിൽവന്നു. സർവ്വീസുകളുടെ കൃത്യനിഷ്ഠ ഉറപ്പുവരുത്താൻ ഈ പദ്ധതി പ്രയോജനപ്പെടുന്നുണ്ട്.

(ബി) ബസ്സുകൾ കഴുകി വൃത്തിയാക്കുന്നതിന് ഓരോ ഗ്യാരേജിലും വാഷിംഗ് റാമ്പും കഴുകുന്നതിനാവശ്യമായ സാമഗ്രികളുമുണ്ട്. ബസ്സ് വൃത്തിയാക്കുന്നതിന് ആവശ്യമായ ഗ്യാരേജ് മസ്ദൂർമാർ ഇല്ലാത്ത യൂണിറ്റുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ആളെ നിയമിച്ച് ജോലി ചെയ്യിപ്പിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) അപ്പർക്ലാസ് ബസ്സുകളും ദീർഘദൂര സർവ്വീസുകളും കഴുകി വൃത്തിയാക്കി മാത്രമേ സർവ്വീസ് നടത്താവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കരാർ വ്യവസ്ഥയിൽ മുഴുവൻ ബസ്സുകളും കഴുകി വൃത്തിയാക്കുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്.

(ഇ) ചില സർവ്വീസുകളെ സംബന്ധിച്ച് ഇത്തരത്തിലുള്ള പരാതികൾ ഉണ്ടായിട്ടുണ്ട്.

(എഫ്) ഡസ്റ്റിനേഷൻ ബോർഡുകളിലെ സ്ഥലനാമങ്ങൾ അവ്യക്തമാകുമ്പോൾത്തന്നെ പുതിയ ബോർഡുകൾ വയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ബസ്സുകളുടേയും ഡസ്റ്റിനേഷൻ ബോർഡിൽ ട്യൂബ് ലൈറ്റുകൾ പ്രകാശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി-ഐ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തിരുവനന്തപുരം നഗരത്തിന്റെ ട്രാഫിക്/ഗതാഗത പ്രശ്നം എന്നിവയെപ്പറ്റിയുള്ള പഠനം

88(1912)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിന്റെ ട്രാഫിക്, ഗതാഗത പ്രശ്നങ്ങളെക്കുറിച്ച് സമഗ്രമായി പഠിക്കുന്നതിനായി സി.ടി.ടി.എസ്. ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; ഈ പഠനത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; പഠനത്തിന് ചെലവാകുന്ന തുക എത്രയാണ്;

(ബി) പ്രസ്തുത പഠനത്തിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്രസഹായം ലഭിക്കുന്നതിനായി പഠന ഏജൻസിയെ തെരഞ്ഞെടുക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ് പ്രസ്തുത നിബന്ധനകൾ;

(ഡി) ഈ ഏജൻസിയെ ഇതിനു മുമ്പ് സംസ്ഥാനത്ത് ഏതെങ്കിലും പഠനത്തിനായി നിയോഗിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തിനെക്കുറിച്ചുള്ള പഠനത്തിനായിട്ടാണ് നിയോഗിച്ചിരുന്നത്; പ്രസ്തുത പഠനം സ്പോൺസർ ചെയ്തിരുന്നത് ഏത് സ്ഥാപനമാണ്; ആ സ്ഥാപനത്തിന്റെ അന്നത്തെ ചെയർമാൻ ആരായിരുന്നെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇപ്പോൾ നടത്തുന്ന പഠനവും മുമ്പ് നടത്തിയ പഠനവും ഒന്നാണോ; ഇവ തമ്മിലുള്ള വ്യത്യാസം വിശദീകരിക്കുമോ; രണ്ട് പഠനങ്ങളുടെയും ടേംസ് ഓഫ് റഫറൻസ് പറഞ്ഞിരിക്കുന്നത് എന്തെല്ലാമാണ്;

(എഫ്) പഠനം സംബന്ധിച്ച് 12.4.99-ൽ വിളിച്ചുകൂട്ടിയ യോഗത്തിൽ ടെക്നോ എക്കണോമിക് ബിൽഡിംഗ് നടത്തുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; പ്രസ്തുത യോഗത്തിൽ ആരെല്ലാം സംബന്ധിച്ചു എന്ന് വ്യക്തമാക്കുമോ;

(ജി) പ്രീ-ബിഡ് കേൺഫറൻസിൽ നേരത്തേ നടത്തിയിട്ടുള്ള പഠന റിപ്പോർട്ട്സ് ഹാജരാക്കിയിരുന്നോ;

(എച്ച്) പഠനം സംബന്ധിച്ച് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയിൽ അംഗങ്ങൾ ആരെല്ലാമാണ്; ടെക്നിക്കൽ കമ്മിറ്റിയിലെ അംഗങ്ങളെ ഗതാഗത വകുപ്പുമന്ത്രിയുടെ അനുമതിയോടുകൂടിയാണോ നിയമിച്ചത്; കമ്മിറ്റിയുടെ മൂല്യനിർണ്ണയം എന്തായിരുന്നു; അത് ഏകകണ്ഠമായിരുന്നോ;

(ഐ) പ്രസ്തുത പഠനം സംബന്ധിച്ച് രൂപീകരിച്ച ബിഡ് ഇവാലുവേഷൻ കമ്മിറ്റിയിൽ ആരെല്ലാം അംഗമായിരുന്നു; ഇവരുടെ നിയമനത്തിന് ഗതാഗത വകുപ്പുമന്ത്രിയുടെ അംഗീകാരം ഉണ്ടായിരുന്നുവോ; കമ്മിറ്റിയുടെ ശുപാർശകൾ എന്തായിരുന്നു; ശുപാർശ അംഗീകരിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തലത്തിൽ വിയോജിപ്പ് ആരെങ്കിലും പ്രകടിപ്പിച്ചിരുന്നുവോ; എങ്കിൽ ആരാണ് വിയോജിപ്പ് പ്രകടിപ്പിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly